# പതിനാലാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:2661

12.02.2019-ലെ മറുപടി

## കേരള വാട്ടർ അതോറിറ്റി പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.വി.അബ്ദുൾ ഖാദർ | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) |
| ലോക ബാങ്ക്, എ.ഡി.ബി. ലോണുകൾ ഉപയോഗിച്ച് എന്തൊക്കെ പ്രവർത്തനങ്ങളാണ് കേരള വാട്ടർ അതോറിറ്റി നടപ്പാക്കി വരുന്നത്; വിശദമാക്കാമോ? | ലോകബാങ്കിന്റെ ലോൺ ഉപയോഗിച്ച് ജല അതോറിറ്റിയിൽ നിലവിൽ പ്രവർത്തനങ്ങളൊന്നും നടപ്പിലാക്കുന്നില്ല. എന്നാൽ എ.ഡി.ബിയുടെ ലോൺ ഉപയോഗിച്ച് തിരുവനന്തപുരം കോർപ്പറേഷനിൽ ഭാഗീകമായും കൊച്ചി കോർപ്പറേഷനിലും സമീപ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും 24x7 ജലവിതരണ സംവിധാനം നടപ്പിലാക്കുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ട്. കൂടാതെ വിതരണ ശൃംഖല ഒഴികെ മറ്റെല്ലാ ഘടകങ്ങളും പൂർത്തിയായി വരുന്ന എതാനും ചില മുനിസിപ്പാലിറ്റികളിലും സമീപ പഞ്ചായത്തുകളിലും പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള ഘടകങ്ങൾ എ.ഡി.ബി ലോൺ ഉപയോഗിച്ച് ചെയ്യുവാൻ സാധിക്കുമോ എന്ന കാര്യം പരിശോധിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**